**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677** **28-01-2026 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ. രാജ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമെന്ന പദവി നിലനിർത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>2016 ജൂൺ മാസത്തിൽ നിയമസഭയിൽ കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത് പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പിലാക്കുകയും ടി പദ്ധതിയുടെ ഉദ്ഘാടനം 29/5/2017-ന് കോഴിക്കോട് വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തിരുന്നു. സമ്പൂർണ വൈദ്യുതീകരണപദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.<br><br>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ചു പോസ്റ്റുകൾ സ്ഥാപിച്ചു കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31.03.2022-ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. മേൽ വിഭാഗത്തിലുള്ള ബി പി എൽ അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ ദ്യുതി 1 പദ്ധതിയിൽ 2018-2022 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ.- |

ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. ഈ തുക ഉപയോഗിച്ച് തീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. 2022-27 കാലയളവിലേക്കായി 100 കോടി രൂപ BPL വൈദ്യുതി കണക്ഷനുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ നഗറുകളുടെ വൈദ്യുതീകരണവും അംഗനവാടികളുടെ വൈദ്യുതീകരണവും നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ BPL പദ്ധതിയിൽ ഉൾപ്പെടുത്തി 146.52 കോടി രൂപ ചെലവഴിച്ച് 2018 മുതൽ ഡിസംബർ 2025 വരെ ആകെ 1,33,214 എണ്ണം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

കോവിഡ് സമയത്ത് ഗവണ്മെന്റ് നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം നടന്നു വരുന്നു. വൈദ്യുതീകരണം പൂർത്തീകരിച്ച 35 നഗറുകളിലായി 822 വീടുകൾക്കു കണക്ഷൻ നൽകിയിട്ടുണ്ട്. പട്ടിക വർഗ്ഗ നഗറുകളുടെ വൈദ്യുതീകരണത്തിനു 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

**അനെർട്ട്**

എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനായി, അനെർട്ട് മുഖേന വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. നിലവിൽ വൈദ്യുതി ലഭ്യമല്ലാത്തതും, കെ.എസ്.ഇ.ബി.എൽ. മുഖേന ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ

സാധിക്കാത്തതുമായ കേരളത്തിലെ വിദൂര പട്ടിക വർഗ്ഗ ഉന്നതികളിൽ, അനെർട്ട് മുഖേന Off-Grid സൗരോർജ്ജ വൈദ്യുതീകരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

നിലവിൽ വൈദ്യുതി ലഭ്യമല്ലാത്തതും ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതുമായ കേരളത്തിലെ വിദൂര പട്ടിക വർഗ്ഗ ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലയിലെ സൈലന്റ് വാലി ഫോറസ്റ്റ് റേഞ്ചിനു കീഴിലുള്ള പുതൂർ ഗ്രാമപഞ്ചായത്തിലെ "താഴെതുടുക്കി" പട്ടിക വർഗ്ഗ നഗറിലെ 45 വീടുകളിൽ ബാറ്ററി ബാക്കപ്പോടുകൂടിയ 50 kW മൈക്രോ ഗ്രിഡ് പദ്ധതി അനെർട്ട് വിജയകരമായി നടപ്പിലാക്കുകയും വൈദ്യുതീകരണം പൂർത്തികരിക്കുകയും ചെയ്തു. 45 kW സോളാർ പവർ പ്ലാന്റും 5 kW വിൻഡ് മെഷീൻ, ചേർന്ന യൂണിറ്റിനുള്ള 240kWh ബാറ്ററി ബാക്കപ്പും, ഇൻവെർട്ടറും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള കൺട്രോൾ റൂമും പദ്ധതിയിൽ ഉൾപ്പെടുന്നു. എല്ലാ വീടുകളിലും ആവശ്യമായ എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, എൽ.ഇ.ഡി ബൾബുകൾ, പ്ലഗ് പോയിന്റുകൾ, മൊബൈൽ ഫോണുകൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടിയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ടി.വി, ഡി.ടി.എച്ച് കണക്ഷൻ, ലാപ്ടോപ്പ് ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

ഇത് കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി സൈലന്റ് വാലി മേഖലയിൽ ഉൾപ്പെടുന്ന മേലെതുടുക്കി, ഗലസി, ഊരേടം എന്നീ പട്ടിക വർഗ്ഗ നഗറുകളിലെ 60 കുടുംബങ്ങൾ വൈദ്യുതികരിക്കുന്നതിനായി ഓരോ വീട്ടിലും സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചു. 1 കിലോവാട്ട് ശേഷിയുള്ള സോളാറും, 500 വാട്ട് ശേഷിയുള്ള വിൻഡ് ജനറേറ്ററും ചേർന്ന ഹൈബ്രിഡ് പവർ പ്ലാന്റുകളാണ് വീടുകളിൽ സ്ഥാപിച്ചിരിക്കുന്നത്. 30 സോളാർ സ്ട്രീറ്റ് ലൈറ്റുകളും പൊതു ആവശ്യത്തിനായി ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

തുടർന്ന് വയനാട് മേപ്പാടി ഗ്രാമപഞ്ചായത്ത് വേലപ്പൻകണ്ടി പട്ടിക വർഗ്ഗ നഗറിലെ 10 വീടുകളിൽ 1.5 കിലോവാട്ട് ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചു.

| | | | |
|---|---|---|---|
| | | | പ്രാക്തന ഗോത്രവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപ്പിലാക്കുന്ന പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ (PM JANMAN) പദ്ധതിൽ ഉൾപ്പെടുത്തി, കേന്ദ്ര-സംസ്ഥാന ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർകുട്ടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നീ 4 പട്ടിക വർഗ്ഗ ഉന്നതികളിലെ 98 PVTG കുടുംബങ്ങൾക്ക് Off-Grid മോഡൽ സൗരോർജ്ജ വൈദ്യുതീകരണം നടത്തുന്നതിനായി ടെൻഡർ നടപടികൾ പൂർത്തിയാക്കി 3,94,22,221/- രൂപയുടെ വർക്ക് ഓർഡർ നൽകുകയും, തുടർന്ന് വർക്ക് ആരംഭിക്കുകയും ചെയ്തു. ഇതിൽ കേന്ദ്ര വിഹിതം 49 ലക്ഷം രൂപയും, സംസ്ഥാന വിഹിതം 3,45,22,221/- രൂപയുമാണ്.<br><br>കൂടാതെ, നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ ഇടമലകുടി വില്ലേജിലെ 14 ഉന്നതികളും (372 വീടുകൾ), മറയൂർ വില്ലേജിലെ 1 (18 വീടുകൾ) ഉന്നതിയും (ആകെ 15 ഉന്നതികൾ) സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതികരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തികരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉണഭോക്താക്കളെ കണ്ടെത്തി അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | (ബി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br><br>2016 ജൂൺ മാസത്തിൽ നിയമസഭയിൽ കേരള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം എന്ന ബൃഹത് പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പിലാക്കുകയും ടി പദ്ധതിയുടെ ഉദ്ഘാടനം 29/5/2017-ന് കോഴിക്കോട് വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തിരുന്നു. സമ്പൂർണ വൈദ്യുതീകരണപദ്ധതി പ്രകാരം 1,50,219 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്.<br><br>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വന്നിരുന്നു. ലൈൻ വലിച്ചു പോസ്റ്റുകൾ സ്ഥാപിച്ചു കണക്ഷൻ നൽകേണ്ട |

അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി.എൽ.-ന്റെ ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31.03.2022-ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. മേൽ വിഭാഗത്തിലുള്ള ബി പി എൽ അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ 50 കോടി രൂപ ദ്യുതി 1 പദ്ധതിയിൽ 2018-2022 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. ഈ തുക ഉപയോഗിച്ച് തീർന്നതിനാൽ വീണ്ടും 50 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ ഫണ്ടിൽ വകയിരുത്തിയിരുന്നു. 2022-27 കാലയളവിലേക്കായി 100 കോടി രൂപ BPL വൈദ്യുതി കണക്ഷനുകൾ നൽകാനായി കെ.എസ്.ഇ.ബി.എൽ.-ന്റെ Multi Year Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ നഗറുകളുടെ വൈദ്യുതീകരണവും അംഗനവാടികളുടെ വൈദ്യുതീകരണവും നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ BPL പദ്ധതിയിൽ ഉൾപ്പെടുത്തി 146.52 കോടി രൂപ ചെലവഴിച്ച് 2018 മുതൽ ഡിസംബർ 2025 വരെ ആകെ 1,33,214 എണ്ണം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

കോവിഡ് സമയത്ത് ഗവണ്മെന്റ് നിർദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. 102 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 43 നഗറുകളിൽ 35 നഗറുകളുടെ വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളുടെ വൈദ്യുതീകരണം നടന്നു വരുന്നു. വൈദ്യുതീകരണം പൂർത്തീകരിച്ച 35 നഗറുകളിലായി 822 വീടുകൾക്കു കണക്ഷൻ നൽകിയിട്ടുണ്ട്. പട്ടിക വർഗ്ഗ നഗറുകളുടെ വൈദ്യുതീകരണത്തിനു 22 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തിയത്.

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം നിലവിൽ വൈദ്യുതീകരണം പൂർത്തിയാക്കാനുള്ള അങ്കണവാടികളിൽ 937 എണ്ണത്തിന് വൈദ്യുതി ലഭ്യമാക്കിയിരുന്നു. ഇവയിൽ 574 അങ്കണവാടികൾക്ക് ഒരു പോസ്റ്റ് ഉൾപ്പടെയുള്ള വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനായി നാളിതുവരെ കേരള സ്റ്റേറ്റ്

ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 22.16 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

**<u>അനെർട്ട്</u>**

എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതിനായി, അനെർട്ട് മുഖേന വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. നിലവിൽ വൈദ്യുതി ലഭ്യമല്ലാത്തതും, കെ.എസ്.ഇ.ബി.എൽ. മുഖേന ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതുമായ കേരളത്തിലെ വിദൂര പട്ടിക വർഗ്ഗ ഉന്നതികളിൽ, അനെർട്ട് മുഖേന Off-Grid സൗരോർജ്ജ വൈദ്യുതീകരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

നിലവിൽ വൈദ്യുതി ലഭ്യമല്ലാത്തതും ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതുമായ കേരളത്തിലെ വിദൂര പട്ടിക വർഗ്ഗ ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പാലക്കാട് ജില്ലയിലെ സൈലന്റ് വാലി ഫോറസ്റ്റ് റേഞ്ചിനു കീഴിലുള്ള പുതൂർ ഗ്രാമപഞ്ചായത്തിലെ "താഴെതുടുക്കി" പട്ടിക വർഗ്ഗ നഗറിലെ 45 വീടുകളിൽ ബാറ്ററി ബായ്ക്കപ്പോടുകൂടിയ 50 kW മൈക്രോ ഗ്രിഡ് പദ്ധതി അനെർട്ട് വിജയകരമായി നടപ്പിലാക്കുകയും വൈദ്യുതീകരണം പൂർത്തികരിക്കുകയും ചെയ്തു. 45 kW സോളാർ പവർ പ്ലാന്റും 5 kW വിൻഡ് മെഷീൻ, ചേർന്ന യൂണിറ്റിനുള്ള 240kWh ബാറ്ററി ബായ്ക്കപ്പും, ഇൻവെർട്ടറും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള കൺട്രോൾ റൂമും പദ്ധതിയിൽ ഉൾപ്പെടുന്നു. എല്ലാ വീടുകളിലും ആവശ്യമായ എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, എൽ.ഇ.ഡി ബൾബുകൾ, പ്ലഗ് പോയിന്റുകൾ, മൊബൈൽ ഫോണുകൾ ചാർജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടിയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ടി.വി, ഡി.ടി.എച്ച് കണക്ഷൻ, ലാപ്ടോപ്പ് ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്.

ഇത് കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി സൈലന്റ് വാലി മേഖലയിൽ ഉൾപ്പെടുന്ന മേലെത്തുടുക്കി, ഗലസി, ഊരേടം എന്നീ പട്ടിക വർഗ്ഗ നഗറുകളിലെ 60 കുടുംബങ്ങൾ വൈദ്യുതികരിക്കുന്നതിനായി ഓരോ വീട്ടിലും സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചു. 1 കിലോവാട്ട് ശേഷിയുള്ള സോളാറും,

| | | | |
|---|---|---|---|
| | | | 500 വാട്ട് ശേഷിയുള്ള വിൻഡ് ജനറേറ്ററും ചേർന്ന ഹൈബ്രിഡ് പവർ പ്ലാന്റുകളാണ് വീടുകളിൽ സ്ഥാപിച്ചിരിക്കുന്നത്. 30 സോളാർ സ്ട്രീറ്റ് ലൈറ്റുകളും പൊതു ആവശ്യത്തിനായി ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.<br><br>തുടർന്ന് വയനാട് മേപ്പാടി ഗ്രാമപഞ്ചായത്ത് വേലപ്പൻകണ്ടി പട്ടിക വർഗ്ഗ നഗറിലെ 10 വീടുകളിൽ 1.5 കിലോവാട്ട് ശേഷിയുള്ള സോളാർ-വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ അനെർട്ട് സ്ഥാപിച്ചു.<br><br>പ്രാക്തന ഗോത്രവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപെട്ട നടപ്പിലാക്കുന്ന പ്രധാനമന്ത്രി ജനജാതി ആദിവാസി ന്യായ മഹാ അഭിയാൻ (PM JANMAN) പദ്ധതിൽ ഉൾപ്പെടുത്തി, കേന്ദ്ര-സംസ്ഥാന ഫണ്ട് വിനിയോഗിച്ച് പാലക്കാട് ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർകുട്ടി, മലപ്പുറം ജില്ലയിലെ മഞ്ചേരി എന്നീ 4 പട്ടിക വർഗ്ഗ ഉന്നതികളിലെ 98 PVTG കുടുംബങ്ങൾക്ക് Off-Grid മോഡൽ സൗരോർജ്ജ വൈദ്യുതീകരണം നടത്തുന്നതിനായി ടെൻഡർ നടപടികൾ പൂർത്തിയാക്കി 3,94,22,221/- രൂപയുടെ വർക്ക് ഓർഡർ നൽകുകയും, തുടർന്ന് വർക്ക് ആരംഭിക്കുകയും ചെയ്തു. ഇതിൽ കേന്ദ്ര വിഹിതം 49 ലക്ഷം രൂപയും, സംസ്ഥാന വിഹിതം 3,45,22,221/- രൂപയുമാണ്.<br><br>കൂടാതെ, നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ ഇടമലകുടി വില്ലേജിലെ 14 ഉന്നതികളും (372 വീടുകൾ), മറയൂർ വില്ലേജിലെ 1 (18 വീടുകൾ) ഉന്നതിയും (ആകെ 15 ഉന്നതികൾ) സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതികരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തികരിച്ചു വരുന്നു. |
| (സി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് വൈദ്യുതിയ്ക്ക് പുറമെ വരുമാനം കൂടി ലഭ്യമാകുന്ന ഹരിത ഊർജ്ജ വരുമാന പദ്ധതി വിജയകരമായി നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | **അനെർട്ട്**<br><br>പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനം ആവിഷ്കരിച്ച് നടപ്പിലാക്കിയ മാതൃകാ പദ്ധതിയാണ് ഹരിത ഊർജ്ജ വരുമാന പദ്ധതി.<br><br>അനെർട്ട് മുഖേന ഇതുവരെ 1700 ലൈഫ് മിഷൻ / പുനർഗേഹം/ബി.പി.എൽ വിഭാഗങ്ങളിലുള്ള വീടുകളിലായി 2 കിലോവാട്ട്/ 3 കിലോവാട്ട് വീതം |

| | | | |
|---|---|---|---|
| | | | ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ച നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വികേന്ദ്രീകൃത വൈദ്യുത ഉല്പാദന പദ്ധതികൾ മേൽ ലക്ഷ്യം നേടുന്നതിന് പര്യാപ്തമായിരുന്നോ; അറിയിക്കാമോ? | (ഡി) | സംസ്ഥാനത്ത് നടപ്പാക്കിവരുന്ന വികേന്ദ്രീകൃത വൈദ്യുത ഉല്പാദന പദ്ധതികൾ സമ്പൂർണ വൈദ്യുതീകരണം നേടുന്നതിന് സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ